## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1644 | 06-03-2017-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

| **ശ്രീ. റ്റി.വി.രാജേഷ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ) പ്രകാരം അംഗീകരിച്ച ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് നൽകാനുള്ളതെന്ന് അറിയിക്കുമോ; കുടിശ്ശിക ഫണ്ട് വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ? | (ബി) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br>1. പയ്യന്നൂർ പ്രോജക്റ്റ് - 77.65 ലക്ഷം<br>(പയ്യന്നൂർ ബ്ലോക്ക് - 12.20<br>തളിപ്പറമ്പ് ബ്ലോക്ക് - 65.45)<br>2. ഇരിട്ടി - 1 പ്രോജക്റ്റ് - 11.15 ലക്ഷം<br>3. ഇരിക്കൂർ - 1 പ്രോജക്റ്റ് - 8.75 ലക്ഷം<br>4. ഇരിട്ടി - 2 പ്രോജക്റ്റ് - 8.17 ലക്ഷം<br>5. ഇരിക്കൂർ - 2 പ്രോജക്റ്റ് - 11.08 ലക്ഷം<br>6. തളിപ്പറമ്പ് - 7.48 ലക്ഷം<br>-------------------<br>ആകെ 124.8 ലക്ഷം<br>==========<br>2016-17 സാമ്പത്തിക വർഷത്തിലേയ്ക്കായി 304.91 കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാനം സമർപ്പിച്ചത്. എന്നാൽ അനുവദിക്കപ്പെട്ട കേന്ദ്ര വിഹിതം 11.37 കോടി രൂപ മാത്രമാണ്. ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിച്ച കഴിഞ്ഞ സാഹചര്യത്തിൽ രണ്ടാം ഗഡു തുക അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് യഥാസമയംതന്നെ അപേക്ഷ സമർപ്പിക്കുകയും, കേന്ദ്ര ഗ്രാമവികസന മന്ത്രിയുടെ നേരിട്ടുള്ള ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

9

സെക്ഷൻ ഓഫീസർ